# പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2141**
**17.06.2014 ലെ മറുപടിക്ക്**

<u>പ്രാദേശിക വികസന ഫണ്ട് വിനിയോഗം</u>

**ചോദ്യം**
**ശ്രീ.വി.ശിവൻകുട്ടി എം.എൽ.എ**

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് സാംസ്കാരിക നിലയങ്ങൾ, ഗ്രന്ഥ ശാലകൾ, വായനശാലകൾ, എയ്ഡഡ് സ്കൂളുകൾ എന്നിവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുന്ന തിനും മറ്റുപദ്ധതികൾ നടപ്പിലാ ക്കുന്നതിനും അനുമതി നൽകി ക്കൊണ്ടുള്ള ഒരു ഉത്തരവ് പൊതു താല്പര്യം കണക്കിലെടുത്തു പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ? | സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം ഈട്ടു നിൽക്കുന്നതും പൊതുജനോപകാര പ്രദവുമായ ആസ്തികൾ സൃഷ്ടിക്കുന്നതി നായാണ് എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധിക്ക് രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഉടമസ്ഥതയിലുള്ള ലൈബ്രറികൾ, വായനശാലകൾ, അംഗനവാടികൾ, ക്ഷീരസഹകരണസംഘങ്ങൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ.മാരുടെ പ്രത്യേക വികസനനിധി വിനിയോഗിക്കുവാൻ അനുമതിയുണ്ട്. ഗ്രന്ഥശാലകൾ, സാംസ്കാരിക നിലയങ്ങൾ, എയ്ഡഡ് സ്കൂളുകൾ തുടങ്ങിയവയ്ക്ക് കെട്ടിട നിർമ്മാണം മാർഗ്ഗനിർദ്ദേശങ്ങൾ ക്കനുസൃതമല്ലാത്തതിനാൽ തൽക്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**